LIBRARY ARCHIVES Kerala Legislative Assembly

(സി) മരണാനന്തര ആനുകൂല്യം : 13 പേർക്ക്

അപകട മരണം : 2 പേർക്ക്

സ്വാഭാവിക മരണം : 11 പേർക്ക്

ചികിത്സാ ധനസഹായം : 5 പേർക്ക്

ഭൗതിക ശരീരം നാട്ടിലെത്തിക്കാനുള്ള ധനസഹായം : 1 ആൾക്ക്

വിദ്യാഭ്യാസ ആനുകൂല്യം : 3 പേർക്ക്

പ്രസവ ധനസഹായം : 14 പേർക്ക്

ക്ഷേമനിധി ആനുകൂല്യം ഇതുവരെ 36 പേർക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) 2010-ലെ കടിയേറ്റ ക്ഷേമ പദ്ധതി പ്രകാരം ഏറ്റവും കൂടുതൽ കടിയേറ്റ തൊഴിലാളികൾ ഉള്ളത് കണ്ണൂർ ജില്ലയിലാണ്. കടിയേറ്റ തൊഴിലാളികൾ പ്രധാനമായും ഉത്തർപ്രദേശ്, ആസ്സാം, പശ്ചിമബംഗാൾ, ബീഹാർ, ഒറീസ്സ എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നത്.

വിവിധ തൊഴിലാളി ക്ഷേമനിധികളിൽ പെൻഷനുകൾ

153 (8213) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിവിധ തൊഴിലാളി ക്ഷേമനിധികളിൽ പെൻഷന് അർഹതയുള്ള എത്ര തൊഴിലാളികളാണ് ഉള്ളത് ; ഇവർക്ക് പെൻഷൻ നൽകുവാൻ ഒരു വർഷം എത്ര രൂപ ആവശ്യമായി വരുമെന്ന് വ്യക്തമാക്കുമോ ;

(ബി) വർദ്ധിപ്പിച്ച പെൻഷന്റെ ആനുകൂല്യം എന്നുമുതലാണ് ലഭിക്കുന്നത് ; നിലവിലെ പെൻഷൻ എത്രയാണ് ;

(സി) പെൻഷൻ കുടിശ്ശികയായതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) അടുത്ത ഗഡു പെൻഷൻ എന്നുമുതൽ വിതരണം ചെയ്യും ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമ പദ്ധതികളിലായി പെൻഷന് അർഹതയുള്ള 8,53,131 തൊഴിലാളികളുണ്ട്. ഇതിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ പദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതി എന്നീ ക്ഷേമ പദ്ധതികൾ സർക്കാർ ധനസഹായമില്ലാതെ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നുമാണ് പെൻഷൻ നല്കി വരുന്നത്. മറ്റ് എല്ലാ ക്ഷേമ പദ്ധതികളും സർക്കാർ ധനസഹായത്തോടെയാണ് പെൻഷൻ നല്കി വരുന്നത്. ഇതിന് ഏകദേശം 406 കോടി രൂപ ആവശ്യമായി വരും.

(ബി) ക്ഷേമനിധി പെൻഷൻ 1-4-2013 മുതൽ 500 രൂപ നിരക്കിലാണ് നല്കിവരുന്നത്. 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ കർഷക തൊഴിലാളി പെൻഷൻ 600 രൂപയായി വർദ്ധിപ്പിച്ചു നല്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി&ഡി) തൊഴിൽ വകുപ്പിനുകീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിൽ സാമ്പത്തികമായി സുസ്ഥിരമായ 5 ക്ഷേമനിധി ബോർഡുകൾ ഒഴികെ മറ്റുള്ളവയ്ക്ക് പെൻഷൻ നല്കുന്ന കാര്യം പരിഗണനയിലാണ്. ആയതിന്മേൽ തീരുമാനമായിട്ടില്ല.

കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി

154 (8214) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ;

(ബി) സർക്കാർ പ്രഖ്യാപിച്ച ഉയർന്ന നിരക്കിലുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ടോ ; അതിനായി എത്ര തുക വേണ്ടി വരുമെന്നു കണക്കാക്കിയിട്ടുണ്ടോ ; എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) അംശദായമായി നീക്കിവെച്ചിരിക്കുന്ന തുക പര്യാപ്തമാണോ ; ഇല്ലെങ്കിൽ മതിയായ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?